**14 -ാം കേരള നിയമസഭ**

**22 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 143** **19-01-2021 - ൽ മറുപടിയ്ക്ക്**

**കർഷകമിത്ര പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ കെ.വി.അബ്ദുൾ ഖാദർ,<br>ശ്രീ. ജെയിംസ് മാത്യു<br>ശ്രീ . കെ .ഡി .പ്രസേനൻ ,<br>ശ്രീ.ഡി.കെ.മുരളി | | Shri. V. S. Sunil Kumar<br>(കൃഷി വകുപ്പുമന്ത്രി) | |
| (എ) | കാർഷിക വിളകളുടെ ഉല്പാദനം കാര്യക്ഷമമാക്കുന്നതിന് ഈ സർക്കാർ നടപ്പിലാക്കിയ കർഷകമിത്ര പദ്ധതി വിപുലീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | ഉല്പാദനത്തിന് പുറമേ കാർഷിക വിളകളുടെ സംഭരണം, വിപണനം എന്നിവ സുഗമമാക്കുന്നതിനും ഉല്പന്നങ്ങൾക്ക് ന്യായമായ വില ലഭ്യമാക്കുന്നതിനും ഈ പദ്ധതിയിൽ എന്തെല്ലാം കാര്യങ്ങളാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ; | (ബി) | ഗ്രാമപ്രദേശങ്ങളിൽ കർഷകരെ സന്ദർശിച്ച് അവർ ഉല്പാദിപ്പിക്കുന്നതും അധികം വരുന്നതുമായ പഴം, പച്ചക്കറി, മുട്ട തുടങ്ങിയവ നേരിൽ സംഭരിച്ച് വിലയുടെ 50% സംഭരിക്കുന്ന സമയം കർഷകർക്ക് നൽകുകയും ബാക്കി തുക വിറ്റഴിക്കുന്ന മുറയ്ക്ക് കർഷകർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. കൂടാതെ വിളകളുടെ കീടരോഗ നിയന്ത്രണത്തിനും സഹായിക്കുന്നു. കർഷകർക്ക് വിപണി വില ഉടൻ ലഭ്യമാക്കാനും അധികം വരുന്ന കാർഷിക ഉല്പന്നങ്ങൾ വിപണി വഴി കാലതാമസം കൂടാതെ വിറ്റഴിക്കാനും സഹായിക്കുന്നു. സർക്കാർ പ്രഖ്യാപിച്ച താങ്ങ് വിലയേക്കാൾ താഴെപോയ നേന്ത്രൻ, വയനാടൻ നേന്ത്രൻ, പയർ എന്നിവ നവംബർ, ഡിസംബർ, ജനുവരി മാസങ്ങളിലായി ഹോർട്ടികോർപ്പിന്റെ ചുമതലപ്പെടുത്തിയ വിപണികൾ വഴി 3446 ടൺ ഇതുവരെ സംഭരിച്ചു. മാർക്കറ്റ് വില കർഷകർക്ക് അപ്പോൾ തന്നെ നൽകിയിട്ടുണ്ട്. മാർക്കറ്റ് വിലയും അടിസ്ഥാന വിലയും തമ്മിലുള്ള വ്യത്യാസമായ 3.88 കോടി രൂപ കൃഷിക്കാരുടെ അക്കൗണ്ടിൽ ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് നൽകുന്നതാണ്. |
| (സി) | വീട്ടമ്മമാർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്ക് പച്ചക്കറി കൃഷിയെക്കുറിച്ചും സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും ഉത്തമകൃഷിരീതികളെക്കുറിച്ചും അവബോധം നൽകുന്നതിനായി ഈ സർക്കാർ | (സി) | "ജീവനി- നമ്മുടെ കൃഷി, നമ്മുടെ ആരോഗ്യം" പദ്ധതിയിലൂടെ വീട്ടമ്മമാർ, യുവജനങ്ങൾ, വിദ്യാർത്ഥികൾ എന്നിവർക്ക് സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും അതിലൂടെ ആരോഗ്യം |

എന്തെല്ലാം പരിശീലന, ബോധവത്ക്കരണ പരിപാടികളാണ് സംഘടിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

കൈവരിക്കുന്നതിനുള്ള അവബോധം സൃഷ്ടിക്കുന്നതിനായി 'കൃഷി പാഠശാല' എന്ന പരിശീലന/ ബോധവത്കരണ പരിപാടി നടത്തി വരുന്നു. നടീൽ മുതൽ വിളവെടുപ്പുവരെയുള്ള വിവിധ ഘട്ടങ്ങളിൽ ജൈവ പച്ചക്കറി കൃഷിയ്ക്ക് അനുവർത്തിക്കേണ്ട മുറകൾ കൃഷി പാഠശാലയിൽ പ്രതിപാദിക്കപ്പെടുന്നു. സംസ്ഥാന സർക്കാരിന്റെ സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി നടത്തിവരുന്ന വിവിധ പദ്ധതികളുടെ ഏകോപനത്തിനും നൂതന കാർഷിക സാങ്കേതികവിദ്യകളുടെ വിജ്ഞാന വ്യാപനത്തിനും വേണ്ടി കേരളത്തിലെ 152 ബ്ലോക്കുകളിൽ ബ്ലോക്കുതല കാർഷിക വിജ്ഞാന കേന്ദ്രങ്ങൾ സ്ഥാപിച്ചു, കാർഷിക സർവ്വകലാശാലയിലെ ശാസ്ത്രജ്ഞൻ നോഡൽ ഓഫീസറായി ഒരു കമ്മിറ്റി രൂപീകരിക്കുകയും, കമ്മിറ്റിയിൽ കാർഷിക വിദഗ്ധരും ജനപ്രതിനിധികളും വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരും ഉൾപ്പെടുന്നു. പ്രസ്തുത കമ്മിറ്റി പ്രാദേശിക മേഖല അടിസ്ഥാനമാക്കിയുള്ള കാർഷിക ഉല്പാദന വിപണന പ്ലാനുകൾ തയ്യാറാക്കുകയും കൂടാതെ കൃഷിക്കാർ നേരിടുന്ന കാലിക പ്രശ്നങ്ങൾക്ക് പരിഹാരം നിർദ്ദേശിക്കുകയും കൃഷിപാഠശാലയുടെ വിഷയനിർണ്ണയം മേൽനോട്ടം നടത്തുകയും ഫീൽഡ് സന്ദർശനങ്ങൾ നടത്തി കൃഷിക്കാർക്ക് ഉപദേശം നൽകുകയും ചെയ്യുന്നു. കൂടാതെ ആരോഗ്യത്തിനായി സുരക്ഷിതവും പോഷകസമൃദ്ധമായ ഭക്ഷണം ഉറപ്പുവരുത്തുക എന്ന ലക്ഷ്യം കൈവരിക്കുന്നതിനായി ആരോഗ്യ വകുപ്പിന്റെയും ഡൈറ്റീഷ്യന്റെയും സഹായത്തോടെ പ്രൈമറി ഹെൽത്ത് സെന്റർ, ആരോഗ്യക്യാമ്പുകൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്റർ എന്നിവിടങ്ങളിൽകൂടി ബോധവല്ക്കരണം നടത്തിവരുന്നു. ഈ ബോധവല്ക്കരണ പരിപാടിയിൽ ഒരു വ്യക്തിയ്ക്ക് ശരാശരി എല്ലാ പോഷകങ്ങളും ലഭിക്കുവാൻ സ്വീകരിക്കേണ്ട ഭക്ഷണക്രമത്തെക്കുറിച്ച് (ഹെൽത്ത് പ്ലേറ്റ്) അവബോധം നൽകുന്നു. കൂടാതെ പത്രമാധ്യമങ്ങൾ, ഇലക്ട്രോണിക് മീഡിയ, പോസ്റ്ററുകൾ, ലീഫ് ലെറ്റുകൾ, ആകാശവാണി, എഫ്.എം. ചാനലുകൾ, വീഡിയോ പ്രോഗ്രാമുകൾ എന്നിവയിൽ കൂടി വിഷരഹിത പച്ചക്കറി ഉല്പാദനത്തിന്റെ പ്രാധാന്യത്തെക്കുറിച്ച് പൊതുജനങ്ങൾക്കിടയിൽ ബോധവത്കരണം നടത്തി വരുന്നു. സംസ്ഥാനത്ത് എല്ലാ വീട്ടുവളപ്പുകളിലും പച്ചക്കറി ഉല്പാദനം ലക്ഷ്യമിട്ടുകൊണ്ട് കർഷകർക്ക് ആവശ്യമായ പരിശീലനങ്ങൾ കൃഷി ഭവനുകൾ മുഖാന്തിരം

| | | | |
|---|---|---|---|
| | | | സംഘടിപ്പിച്ചു വരുന്നു. സമഗ്ര പച്ചക്കറി വികസന പദ്ധതിയിൽ ഉൾപ്പെടുന്ന 'സ്ഥാപനങ്ങൾ വഴിയുള്ള പച്ചക്കറി കൃഷി' എന്ന മുഖ്യഘടകത്തിൽ സംസ്ഥാനത്തെ വിദ്യാലയങ്ങളിൽ പച്ചക്കറി കൃഷി നടപ്പാക്കുന്നതിനു പ്രാധാന്യം നൽകുന്നു. വിദ്യാലയങ്ങളിൽ പച്ചക്കറിത്തോട്ടം തയ്യാറാക്കുന്നതിനും വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ച് അവബോധം നൽകുന്നതിനുമായി ഹരിത ക്ലബ്ബുകൾ രൂപീകരിക്കുകയും കാർഷിക പ്രവർത്തനങ്ങൾക്ക് ഊന്നൽ നൽകിയുള്ള പരിശീലനങ്ങൾ ലഭ്യമാക്കുകയും ചെയ്യുന്നു. 20-25 വിദ്യാർത്ഥികളും ഒരു അദ്ധ്യാപകനും ചേർന്നാണ് ക്ലബ്ബ് രൂപീകരിക്കുന്നത്. ജലസേചന സൗകര്യം ലഭ്യമാക്കുന്നതിനായി പമ്പ്സെറ്റ്, കിണർ എന്നിവ സ്ഥാപിക്കുന്നതിന് 10,000 രൂപ നിരക്കിൽ ധനസഹായം നൽകുന്നു. സ്കൂൾ വിദ്യാർത്ഥികൾക്ക് അവരുടെ വീട്ടുവളപ്പിൽ കൃഷി ചെയ്യുന്നതിന് 10 രൂപ വിലവരുന്ന പച്ചക്കറി വിത്തുകിറ്റുകൾ സൗജന്യമായി നൽകി വരുന്നു. ഈ പദ്ധതിയിലൂടെ വിദ്യാർത്ഥി/ വിദ്യാർത്ഥിനികളെ കൃഷിയിലേക്ക് ആകർഷിക്കുന്നതിനും നൂതന കൃഷി രീതികളെക്കുറിച്ചുള്ള അവബോധം അവർക്ക് നൽകുന്നതിനും സാധിച്ചിട്ടുണ്ട്. കൂടാതെ വീട്ടമ്മമാർ, യുവജനങ്ങൾ എന്നിവർക്ക് പച്ചക്കറി കൃഷിയെക്കുറിച്ചും, സുരക്ഷിത പച്ചക്കറികളുടെ ഉപയോഗത്തിന്റെ പ്രാധാന്യത്തെക്കുറിച്ചും, ഉത്തമ കൃഷിരീതികളെക്കുറിച്ചും അവബോധം നൽകുന്നതിനായി കൃഷി വകുപ്പിനു കീഴിലുള്ള വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം ഒരു ഫേയ്സ് ബുക്ക് പേജ് ആരംഭിക്കുകയും ആകാശവാണി കൊച്ചി നിലയവുമായി ബന്ധപ്പെട്ട് കൃഷി മുറകൾ, സംയോജിത രോഗനിയന്ത്രണം തുടങ്ങിയവയെ കുറിച്ച് പ്രഭാഷണ പരമ്പര സംഘടിപ്പിക്കുകയും ചെയ്തുവരുന്നു. ഇതിനു പുറമേ വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ കേരളം പ്രസിദ്ധീകരണമായ 'കൃഷിയങ്കണം' ത്തിലും ഇതിനെ സംബന്ധിച്ച ലേഖനങ്ങൾ പ്രസിദ്ധീകരിച്ചുവരുന്നു. |

സെക്ഷൻ ഓഫീസർ